Draft #74 of File 3558/AD A1/ASO1/2018/AD A 1 (PART-II) Approved by ASSISTANT REGISTRAR I (ADMIN) on 01-Sep-2023 05:08 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ജീവനക്കാര്യം: ഡെപ്യൂട്ടി രജിസ്ട്രാർ, ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർ എന്നിവരുടെ വിരമിക്കലിനെത്തുടർന്നുള്ള സ്ഥാനക്കയറ്റം, സ്ഥലംമാറ്റം, നിയമനം, സെക്ഷൻ രൂപീകരണം, സസ്‌പെൻഷനിലായിരുന്ന ഉദ്യോഗസ്ഥരുടെ നിയമനം - അനുവദിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 9345/AD A1/2023/എം.ജി.യു | പ്രിയദർശിനി ഹിൽസ്,തീയതി: 01.09.2023

*പരാമർശം:*-1. പരിപത്രം നമ്പർ: 66546/AD A10-4/2022/AD A10, തീയതി :12.09.2022
2. സർവ്വകലാശാലാ ഉത്തരവ് നമ്പർ: 9307/AD A1/2023/എം.ജി.യു., തീയതി 26.08.2023.
3. 25.08.2023 തീയതിയിലെ പരീക്ഷാ കൺട്രോളറുടെ കുറിപ്പ്.
4. വൈസ് ചാൻസലറുടെ 01.09.2023 തീയതിയിലെ വി.സി.702/2/138/2023 നമ്പർ കുറിപ്പ്.
5. സർക്കുലർ നമ്പർ Ad.AI-3-246/2016, തീയതി: 31.05.2016.
6. ജി.ഒ (പി) നം.42/ 2010 / പി & എആർഡി, തീയതി 20.12.2010.
7. സർവ്വകലാശാലാ ഉത്തരവ് നമ്പർ: 11799/AD A1/2022/എം.ജി.യു., തീയതി 21.11.2022.

**ഉത്തരവ്**

പരാമർശം (1) പ്രകാരം ശ്രീ. റെജി ഇട്ടൂപ്പ്, (PEN-926), ഡെപ്യൂട്ടി രജിസ്ട്രാർ-5 (പരീക്ഷാ വിഭാഗം), ശ്രീ. ബാബു പി.എം.,(PEN-1967), സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ്), DSS, എന്നി 2 ജീവനക്കാർ 31.08.2023 അപരാഹ്നം സർവ്വകലാശാലാ സർവ്വീസിൽ നിന്നും വിരമിച്ചിരിക്കുന്നു.

പരീക്ഷാ വിഭാഗത്തിലെ പി.ഡി.-5 സെക്ഷനിൽ നിന്നും ഉപയോഗിക്കാത്ത 54 ഡിഗ്രി സർട്ടിഫിക്കറ്റ് ഫോർമാറ്റുകൾ കാണാതായതുമായി ബന്ധപ്പെട്ട് സസ്‌പെൻഷനിലായിരുന്ന സെക്ഷൻ ഓഫീസർ ശ്രീ. മനോജ് തോമസ്, (PEN-2976), അസിസ്റ്റന്റ് രജിസ്ട്രാർ ശ്രീ. സെബാസ്റ്റ്യൻ പി.ജോസഫ്,(PEN-1898)എന്നിവരെ വ്യവസ്ഥകൾക്ക് വിധേയമായി പരാമർശം (2) പ്രകാരം സർവ്വീസിൽ പുനഃപ്രവേശിപ്പിച്ചിരുന്നു.

മേൽ പരാമർശിച്ചവ പരിഗണിച്ച്, താഴെ പ്രതിപാദിച്ചിട്ടുള്ള സ്ഥാനക്കയറ്റം, സ്ഥലംമാറ്റം, നിയമനം, സെക്ഷൻ രൂപീകരണം എന്നിവ 01.07.2023 പൂർവ്വാഹം പ്രാബല്യത്തിൽ സർവ്വകലാശാലയിൽ നടപ്പിലാക്കിക്കൊണ്ട് പരാമർശം (4) പ്രകാരം വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

1. റീവാല്യുവേഷൻ വിഭാഗത്തിൽ ഒരു സെക്ഷൻ രൂപീകരിക്കണമെന്ന് പരീക്ഷാ കൺട്രോളർ പരാമർശം (3) പ്രകാരം, ആവശ്യപ്പെട്ടത് പരിഗണിച്ച്, EJ -12 സെക്ഷൻ രൂപീകരിക്കുന്നു.
2. എൽ.എൽ.ബി.- റീവാല്യുവേഷൻ ഒഴികെ EJ-3 സെക്ഷനിൽ നിർവ്വഹിച്ചിരുന്ന റീവാല്യുവേഷൻ സംബന്ധമായ ചുമതലകൾ EJ -12 സെക്ഷന് നൽകുന്നു.

| ക്രമ നം. | പേര്, തസ്തിക, PEN | സ്ഥാനക്കയറ്റം, തസ്തിക, ശമ്പള നിരക്ക് | തസ്തിക ഉൾക്കൊള്ളിച്ചിരിക്കുന്നത് | നിയമിച്ചിരിക്കുന്നത് |
|---|---|---|---|---|
| 1 | ശ്രീമതി ശ്യാമള റ്റി.വി.(PEN-1824),അസിസ്റ്റന്റ് രജിസ്ട്രാർ (ഹയർ ഗ്രേഡ്)-22 (പരീക്ഷാ വിഭാഗം) | ഡെപ്യൂട്ടി രജിസ്ട്രാർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി, രൂപ 1,07,800-1,60,000/- ശമ്പള സ്കെയിലിൽ നിയമിച്ചിരിക്കുന്നു. | ശ്രീ. റെജി ഇട്ടൂപ്പ്, ഡെപ്യൂട്ടി രജിസ്ട്രാർ വിരമിച്ചതിനെത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | ഡെപ്യൂട്ടി രജിസ്ട്രാർ -5 (പരീക്ഷാ വിഭാഗം) ആയി നിയമിച്ചിരിക്കുന്നു. മുൻപ് ഡെപ്യൂട്ടി രജിസ്ട്രാർ -5 (പരീക്ഷാ വിഭാഗം) വഹിച്ചിരുന്നതും പിന്നീട് ഓഫീസർമാർക്ക് വിഭജിച്ച് നൽകിയതുമായ മുഴവൻ ചുമതലകളും ഡെപ്യൂട്ടി രജിസ്ട്രാർ -5 (പരീക്ഷാ വിഭാഗം)-ന് പുനഃസ്ഥാപിച്ച് നൽകിയിരിക്കുന്നു. |
| 2 | ശ്രീ. സന്തോഷ് എൻ.,(PEN-1860),അസിസ്റ്റന്റ് രജിസ്ട്രാർ -3 (ഫിനാൻസ് വിഭാഗം) | അസിസ്റ്റന്റ് രജിസ്ട്രാർ (ഹയർ ഗ്രേഡ്) ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി, രൂപ 95,600-1,53,200/- ശമ്പള സ്കെയിലിൽ നിയമിച്ചിരിക്കുന്നു. | ശ്രീമതി ശ്യാമള റ്റി.വി. അസിസ്റ്റന്റ് രജിസ്ട്രാർ (ഹയർ ഗ്രേഡ്)-ക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | നിലവിലെ സീറ്റിൽ തുടരാൻ അനുവദിച്ചിരിക്കുന്നു. |

Draft #74 of File 3558/AD A1/ASO1/2018/AD A 1 (PART-II) Approved by ASSISTANT REGISTRAR I (ADMIN) on 01-Sep-2023 05:08 PM - Page 2

| | | | | |
|---|---|---|---|---|
| | | | | |
| 3 | ശ്രീ. ജയപ്രകാശ് എസ്.വി.(PEN-2029) സെക്ഷൻ ഓഫീസർ(ഹയർ ഗ്രേഡ്),സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ് | അസിസ്റ്റന്റ് രജിസ്ട്രാർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി, രൂപ 63,700- 1,23,700/-ശമ്പള സ്കെയിലിൽ നിയമിച്ചിരിക്കുന്നു. | ശ്രീ. സന്തോഷ് എൻ., അസിസ്റ്റന്റ് രജിസ്ട്രാർക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | അസിസ്റ്റന്റ് രജിസ്ട്രാർ-10 (പരീക്ഷാ വിഭാഗം) ആയി നിയമിച്ചിരിക്കുന്നു. |
| 4 | അസിസ്റ്റന്റ് രജിസ്ട്രാർ-10 (പരീക്ഷാ വിഭാഗം)ന്റെ അധിക ചുമതലയിൽ നിന്നും അസിസ്റ്റന്റ് രജിസ്ട്രാർ-4 (പരീക്ഷാ വിഭാഗം)-നെ ഒഴിവാക്കുന്നു. | | | |
| 5 | അസിസ്റ്റന്റ് രജിസ്ട്രാർ-4 (അക്കാദമിക് വിഭാഗം) ആയ ശ്രീ. ബിനോയ് എ.ആർ., (PEN-1891)-നെ, അസിസ്റ്റന്റ് രജിസ്ട്രാർ-22 (പരീക്ഷാ വിഭാഗം) ആയി സ്ഥലംമാറ്റി നിയമിച്ചിരിക്കുന്നു. | | | |
| 6 | സസ്പെൻഷനിൽ നിന്ന് പുനഃപ്രവേശിപ്പിക്കപ്പെട്ട ശ്രീ.സെബാസ്റ്റ്യൻ പി.ജോസഫ്,(PEN-1898)-നെ അസിസ്റ്റന്റ് രജിസ്ട്രാർ-4 (അക്കാദമിക് വിഭാഗം) ആയി നിയമിച്ചിരിക്കുന്നു. | | | |
| 7 | ശ്രീ.ഷിഹാബുദീൻ പി.വൈ. ,(PEN-2608) സെക്ഷൻ ഓഫീസർ,EN-3 സെക്ഷൻ | ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി രൂപ 56,500/ - 1,18,100/- ശമ്പള സ്കെയിലിൽ നിയമിച്ചിരിക്കുന്നു. | ശ്രീ. ജയപ്രകാശ് എസ്.വി., സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ്)-ന് സ്ഥാനക്കയറ്റം ലഭിച്ചതിനെത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | നിലവിലെ സീറ്റിൽ തുടരാൻ അനുവദിച്ചിരിക്കുന്നു. |
| 8 | ശ്രീ.ഡാമി ഡയസ് ഫെർണാണ്ടസ്,(PEN-2845) സെക്ഷൻ ഓഫീസർ,IIRBS | ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി രൂപ 56,500/ - 1,18,100/- ശമ്പള സ്കെയിലിൽ നിയമിച്ചിരിക്കുന്നു. | ശ്രീ. ബാബു പി.എം., സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ്) വിരമിച്ചതിനെത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | നിലവിലെ സീറ്റിൽ തുടരാൻ അനുവദിച്ചിരിക്കുന്നു. |
| 9 | Ac D സെക്ഷനിലെ ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസറായ ശ്രീ. ഹിലാൽ കെ. (PEN-2529)-യെ, സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ്-ലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറായി സ്ഥലംമാറ്റി നിയമിച്ചിരിക്കുന്നു. (പഠന വകുപ്പുകളിലേക്കുള്ള സീനിയോറിറ്റി പട്ടികയിൽ നിന്നും നിയമനം നടത്തുന്നവരെ മാത്രം) | | | |
| 10 | സസ്പെൻഷനിൽ നിന്ന് പുനഃപ്രവേശിപ്പിക്കപ്പെട്ട ശ്രീ. മനോജ് തോമസ്,(PEN-2976)-നെ Ac D സെക്ഷന്റെ സെക്ഷൻ ഓഫീസർ ആയി നിയമിച്ചിരിക്കുന്നു. | | | |
| 11 | സ്കൂൾ ഓഫ് എൻവയോൺമെന്റൽ സ്റ്റഡീസിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറായ ഡോ. ആന്റണി ജോസഫിനെ (PEN-2881) DSS-ലെ സെക്ഷൻ ഓഫീസർ ആയി സ്ഥലംമാറ്റി നിയമിച്ചിരിക്കുന്നു. (പഠന വകുപ്പുകളിലേക്കുള്ള സീനിയോറിറ്റി പട്ടികയിൽ നിന്നും നിയമനം നടത്തുന്നവരെ മാത്രം) | | | |
| 12 | ശ്രീമതി സിന്ധു ആൻ എസ്.,(PEN-2789) അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ, CBCSS-17 സെക്ഷൻ | സെക്ഷൻ ഓഫീസർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി രൂപ 51,400 - 1,10,300/- ശമ്പള സ്കെയിലിൽ നിയമിച്ചിരിക്കുന്നു. | ശ്രീ. ഷിഹാബുദീൻ പി.വൈ, സെക്ഷൻ ഓഫീസർക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | സ്കൂൾ ഓഫ് എൻവയോൺമെന്റൽ സ്റ്റഡീസിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറായി നിയമിച്ചിരിക്കുന്നു. (പഠന വകുപ്പുകളിലേക്കുള്ള സീനിയോറിറ്റി പട്ടികയിൽ നിന്നും നിയമനം നടത്തുന്നവരെ മാത്രം ) |
| 13 | ശ്രീമതി അനിമോൾ ഐസക്ക്,(PEN-2786) അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ, EM-1 സെക്ഷൻ | സെക്ഷൻ ഓഫീസർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി രൂപ 51,400 -1,10,300/- ശമ്പള സ്കെയിലിൽ നിയമിച്ചിരിക്കുന്നു. | ശ്രീ.ഡാമി ഡയസ് ഫെർണാണ്ടസ്, സെക്ഷൻ ഓഫീസർക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | ശ്രീ മനോജ് തോമസ് പി.ഡി -5 സെക്ഷൻ ഓഫീസർ ആയിരിക്കെ വഹിച്ചിരുന്ന തസ്തികയിൽ ഉൾക്കൊള്ളിച്ച് സെക്ഷൻ ഓഫീസറായി EJ-12 സെക്ഷനിൽ നിയമിച്ചിരിക്കുന്നു. |
| 14 | EJ-12 സെക്ഷനിലേക്കുള്ള മറ്റ് ജീവനക്കാരുടെ നിയമന ഉത്തരവ് പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്. | | | |

ഡെപ്യൂട്ടി രജിസ്ട്രാർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, ചാപ്റ്റർ 3.10 (17) പ്രകാരം അംഗീകരിച്ചിരിക്കുന്നു.

അസിസ്റ്റൻറ് രജിസ്ട്രാർമാർ അവർക്ക് ചുമതലയുള്ള സെക്ഷനുകളുടെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ / അസിസ്റ്റൻറ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയി പ്രവർത്തിക്കേണ്ടതാണ്.

ചുമതല വ്യത്യാസമുള്ള തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർക്ക് ചുമതല ഏറ്റെടുക്കുന്ന ദിവസം മുതൽ മാത്രമേ സ്ഥാനക്കയറ്റത്തിൻറെ പ്രാബല്യം ലഭിക്കുകയുള്ളൂ.

സ്ഥലം മാറ്റപ്പെട്ട ഉദ്യോഗസ്ഥർ തങ്ങളുടെ കൈവശം ഉള്ള മുഴുവൻ ഫയലുകളുടെയും മറ്റ് അനുബന്ധ രേഖകളുടെയും പാസ്സ് വേഡുകളുടെയും വിശദാംശങ്ങൾ ബന്ധപ്പെട്ട മേലുദ്യോഗസ്ഥനെ ഏല്പിക്കേണ്ടതാണ്. ആയത് മേലുദ്യോഗസ്ഥൻ പരാമർശം (5) പ്രകാരം പരിശോധിച്ച് അംഗീകരിക്കേണ്ടതാണ്. CTC-യോടൊപ്പം മേൽപ്പടി സർക്കുലറിൽ പരാമർശിച്ചിരിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

പരാമർശം (6)-ലെ സർക്കാർ ഉത്തരവ് പ്രകാരം സെലക്ഷൻ തസ്തികകളിലേക്ക് 01.04.2010-നോ അതിനുശേഷമോ സ്ഥാനക്കയറ്റം /സ്വന്തം വകുപ്പിൽ മാറ്റി നിയമനം ലഭിച്ചവർക്ക് (നേരിട്ടുള്ള നിയമനത്തിനൊഴികെ) പ്രൊബേഷൻ കാലഘട്ടം ഒരു വർഷത്തെ തുടർച്ചയായ സേവനകാലാവധിക്കുള്ളിൽ ആറ് മാസം എന്ന് നിജപ്പെടുത്തി ഉത്തരവായിട്ടുണ്ട്. ആയതിനാൽ ചുമതല വ്യത്യാസമുള്ള തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർക്ക് ഒരു വർഷത്തെ തുടർച്ചയായ സർവ്വീസിനിടെ ആറ് മാസം പ്രൊബേഷൻ കാലഘട്ടമായിരിക്കും.

സ്ഥലംമാറ്റം ലഭിക്കുന്ന സെക്ഷൻ ഓഫീസർമാർ, സ്റ്റാറ്റ്യൂട്ടറി ഉദ്യോഗസ്ഥർ നിലവിലുള്ള നിബന്ധനകൾക്ക് പുറമെ പരാമർശം (7) പ്രകാരമുള്ള ഉത്തരവിൻറെ അടിസ്ഥാനത്തിൽ ഐ.ടി. സ്റ്റോക്ക് രജിസ്റ്റർ കൈമാറേണ്ടതും, പ്രസ്തുത വിവരം CTC-യോടൊപ്പമുള്ള സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തേണ്ടതുമാണ്.

സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർ ഈ ഉത്തരവ് തീയതി മുതൽ ഒരു മാസത്തിനകം സ്ഥാനക്കയറ്റ തസ്തികയിലെ ശമ്പളനിർണ്ണയത്തിന് വേണ്ടി സമർപ്പണം നൽകേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഷിജി സെബാസ്റ്റ്യൻ വി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട വ്യക്തികൾ /സെക്ഷനുകൾ/ ഡിപ്പാർട്ട്മെൻറ്
2. വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.-മാർ
4. ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണം/അക്കാദമികം/പരീക്ഷ/ധനകാര്യം)
5. ജോയിൻറ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെൻറ്, എം.ജി. സർവ്വകലാശാല
6. പബ്ലിക് റിലേഷൻസ് ഓഫീസർ/ യൂണിവേഴ്സിറ്റി വെബ്സൈറ്റ്
7. എഫ്.സി.സി./ഫിനാൻസ് I/II/ എഡി.എ|||/എഡി.എ.IV/ എഡി സി I/II/III/IV/V/ എഡി.എ.VIII/X
8. ഐ.ക്യൂ.എ.സി./ഐ.റ്റി. സെൽ 1/2 / സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്
9. റെക്കോർഡ്സ്/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി/ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #74 of File 3558/AD A1/ASO1/2018/AD A 1 (PART-II) Approved by ASSISTANT REGISTRAR I (ADMIN) on 01-Sep-2023 05:08 PM - Page 3